# മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം

## തിരുവനന്തപുരം

വിഷയം :- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - പത്തനംതിട്ട ജില്ല - മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് - മല്ലപ്പള്ളി വില്ലേജ് - **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മാണം** - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01/10/2019 ലെ എ 2-4917/2019 നമ്പർ കത്ത്.

2. പത്തനംതിട്ട ജില്ലാ ടൗൺ പ്ലാനറുടെ 21/10/2019 ലെ TCPPTA/546/2019-C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/2559/2019 -C3** തീയതി: **05/12/2019**

---

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മല്ലപ്പള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 28- ൽ റീ സർവ്വേ നമ്പർ 404/7 ൽ ഉൾപ്പെട്ട 23.56 ആർ ആകെ വസ്തുവിൽ നിന്നും 9 ആർ സ്ഥലം വേർതിരിച്ച് നിലവിൽ അംഗീകൃത ഹോളോബ്രിക്സ് യൂണിറ്റിന്റെ കുറച്ച് ഭാഗം പൊളിച്ചുമാറ്റി സെയിൽ ബിൽഡിംഗ് (40 ച.മീ.), കനോപ്പി (204 ച.മീറ്റർ) ഉൾപ്പെടെ ആകെ 244 ച.മീ. വിസ്തീർണ്ണം വരുന്ന **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീമതി. കൃഷ്ണപ്രിയ.ബി.** -യുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. താഴെപ്പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി /ഒക്യുപ്പൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ. 2011 ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും നിർദ്ദിഷ്ട നിർമ്മാണസ്ഥലം പുറമ്പോക്കുഭൂമിയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും ലീസ് എഗ്രിമെന്റ് ഉൾപ്പെടെ ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. പ്ലോട്ടിന്റെ നിർദ്ദിഷ്ട ലെവൽ , റീറ്റെയ്നിംഗ് വാളിന്റെ വിശദാംശങ്ങൾ എന്നിവ കെട്ടിട നിർമ്മാണ അനുമതിയ്ക്കായി ഗ്രാമ പഞ്ചായത്തിൽ നൽകുന്ന പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കണം. ഫില്ലിംഗ് നടത്തുന്നതിന് ബന്ധപ്പെട്ട വകുപ്പിന്റെ

എൻ.ഒ.സി വാങ്ങിയിരിക്കണം.

4. ഖര-ദ്രവ മാലിന്യസംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തുകയും പരിസരവാസികൾക്ക് ദോഷകരമല്ലാത്ത രീതിയിൽ മാലിന്യ നിർമ്മാർജ്ജനം നടത്തുകയും വേണം. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണച്ചട്ടം 2011 (KPBR-2011) ചട്ടം 57 (12 A) പ്രകാരമുള്ള in-situ liquid waste management treatment plant, ചട്ടം 57 (12 B) പ്രകാരമുള്ള Special Provision for recycling and reusing of waste water എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും വേണം.
5. കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണച്ചട്ടം 2011 (KPBR- 2011) ചട്ടം 57 (10) പ്രകാരമുള്ള അഗ്നി സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കണം.
6. കെ.പി.ബി.ആർ. 2011 ചട്ടം 61 (10) പ്രകാരം Petroleum Rules, 1976 ന് അനുസൃതമായിരിക്കണം നിർമ്മാണം.
7. പൊളിച്ചു നീക്കുവാനെന്ന് സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന Hollow Brick Unit Shed, പൊളിച്ചു നീക്കിയിരിക്കണം. അവശേഷിക്കുന്ന Hollow Brick Unit Shed-ൽ ടി യൂണിറ്റ് തുടർന്ന് പ്രവർത്തിക്കുന്നതിന് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം -2011 ലെ ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.
8. നിർമ്മാണം കെ.പി.ബി.ആർ-2011 നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **152/2019** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ടൗൺ പ്ലാനറുടെ കാര്യാലയം
പിൻ-695 003
തിരുവനന്തപുരം

**ജയശ്രീ. പി. ആർ.**
ടൗൺ പ്ലാനർ

**സെക്രട്ടറി,**
മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്:-</u>

1. ശ്രീമതി. കൃഷ്ണപ്രിയ ബി, കൃഷ്ണകല ഹൗസ്, നാരകത്താനി പി.ഒ., പത്തനംതിട്ട - 689544
2. ടൗൺ പ്ലാനർ, പത്തനംതിട്ട 3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം